## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 30 | 18.03.2013-ൽ മറുപടിയ്ക്ക്

## <u>സൈബർ കുറ്റകൃത്യങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ സമീപകാലത്ത് ഉണ്ടായ ക്രിമിനൽ കേസുകൾ മിക്കതും സൈബർ കുറ്റകൃത്യങ്ങളാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കേരളത്തിൽ സമീപകാലത്ത് ഉണ്ടായ ക്രിമിനൽ കേസുകൾ മിക്കതും സൈബർ കുറ്റകൃത്യങ്ങളല്ല. എന്നാൽ ഓൺലൈൻ ചീറ്റിംഗ്, ഇന്റർനെറ്റ് ഫ്രോഡ്, ഇ- മെയിൽ ഹറാസ്മെന്റ്, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങിയ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഓൺലൈൻ ചീറ്റിംഗ്, ഇന്റർനെറ്റ് ഫ്രോഡ്, ഇ- മെയിൽ ഹറാസ്മെന്റ്, മൊബൈൽ ഫോൺ ദുരുപയോഗം, ക്രെഡിറ്റ് കാർഡ് ഫ്രോഡ്, അഡൽറ്റ് പോണോഗ്രാഫി തുടങ്ങിയവയുമായി ബന്ധപ്പെട്ട് 618 സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം കേസുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് ഏതെല്ലാം നൂതന സംവിധാനങ്ങളാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഡി.വൈ. എസ്.പി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനാണ് സൈബർ കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ അന്വേഷണം സി.ഐ മുതൽ മുകളിലോട്ടുള്ള റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് നടത്തുന്നത്. കേസുകളുടെ അന്വേഷണത്തെ സാങ്കേതികമായി സഹായിക്കുന്നതിനായി എല്ലാ ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. കൂടാതെ സൈബർ കേസുകൾ മാത്രം രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം പട്ടം ആസ്ഥാനമാക്കി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. അതി സങ്കീർണ്ണവും, സാങ്കേതിക വിദ്യ കൂടുതലായി ആവശ്യമുള്ളതുമായ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ച് വരുന്നു. സൈബർ പോലീസിന്റെ അന്വേഷണ മികവും സാങ്കേതിക മേന്മയും വർദ്ധിപ്പിക്കുന്നതിനായി അവർക്ക് സൈബർ ഫോറൻസിക്സിലും, സൈബർ ടെക്നോളജിയിലും വിദഗ്ധ പരിശീലനം നൽകുന്നുണ്ട്. സൈബർ കേസുകളിൽ മൊബൈൽ/ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർമാർ, സോഷ്യൽ നെറ്റ് വർക്ക് അധികൃതർ എന്നിവരുടെ സഹായത്തോടെ ഐ.പി അഡ്രസ്സിലൂടെയും ടവർ ലൊക്കേഷനിലൂടെയും കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അന്യസംസ്ഥാന തൊഴിലാളികൾക്ക് മൊബൈൽ കണക്ഷൻ നൽകുന്നതിന് മാനദണ്ഡങ്ങൾ കർശനമാക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; | (ഡി) | പരിഗണിക്കാവുന്നതാണ്. |
| (ഇ) | വ്യാജ തിരിച്ചറിയൽ കാർഡുകൾ പോലീസ് പിടികൂടുന്ന സാഹചര്യത്തിൽ നിലവിലുള്ള മാനദണ്ഡം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എഫ്) | ബാധകമല്ല. |

Mayhil

സെക്ഷൻ ഓഫീസർ